"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ത.സ്വ.ഭ.വ - ലൈഫ് മിഷൻ - കെ.യു.ആർ.ഡി.എഫ്.സി - ഹഡ്കോ ലോൺ മെയ് മാസം പലിശ കൊടുക്കുന്നതിനായി ആകെ 60,28,96,452/- രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

G.O.(Ms)No.81/2020/LSGD തീയതി,തിരുവനന്തപുരം, 21/05/2020

---

പരാമർശം:- കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടറുടെ 04.05.2020 തീയതിയിലെ കെ.യു.ആർ.ഡി.എഫ്.സി/എ2/289/2018/IV (1) നമ്പർ കത്ത്.

<u>ഉത്തരവ്</u>

ലൈഫ് മിഷൻ പദ്ധതിയ്ക്ക് വേണ്ടി ഹഡ്കോയിൽ നിന്നും റൂറൽ സെക്ടറിന് അനുവദിച്ച 3000 കോടി രൂപയിൽ 1750 കോടി രൂപയും അർബൻ സെക്ടറിന് അനുവദിച്ച 1000കോടി രൂപയിൽ 800 കോടി രൂപയും നാളിതുവരെയായി ലഭ്യമാക്കിയിട്ടുണ്ടെന്നും ഹഡ്കോയുടെ അടുത്ത തിരിച്ചടവ് മെയ് മാസം 31 നാണ് നടത്തേണ്ടതെന്നും പലിശയിനത്തിൽ റൂറൽ സെക്ടറിന് 41,81,57,643/- രൂപയും അർബൻ സെക്ടറിന് മുതൽ ഇനത്തിൽ 16,67,00,000/- രൂപയും പലിശയിനത്തിൽ 18,47,38,809/- രൂപയുമാണ് ഹഡ്കോയ്ക്ക് ഒടുക്കാനുള്ളതെന്നും ഇതിൽ മുതൽ ഇനത്തിൽ ഒടുക്കുന്നതിനുള്ള തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ നിന്നും കുറവ് ചെയ്ത് കെ.യു.ആർ.ഡി.എഫ്.സി.യുടെ എസ്ക്രോ അക്കൗണ്ടിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും 2020-21 സാമ്പത്തിക വർഷം പലിശ ഒടുക്കുന്നതിനായി 2515-00-102-30 (P) എന്ന ശീർഷകത്തിൽ 160 കോടി രൂപയും 2217-80-800-62(P) എന്ന ശീർഷകത്തിൽ 50 കോടി രൂപയും ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ടെന്നും അതിനാൽ മെയ് മാസം പലിശ ഒടുക്കുന്നതിനായി 2515-00-102-30 (P) എന്ന ശീർഷകത്തിൽ നിന്നും 41,81,57,643/-രൂപയും( നാൽപത്തി ഒന്ന് കോടി എൺപത്തിയൊന്ന് ലക്ഷത്തി അമ്പത്തി ഏഴായിരത്തി അറുന്നൂറ്റി നാൽപ്പത്തി മൂന്ന് രൂപ മാത്രം) 2217-80-800-62 (P) എന്ന ശീർഷകത്തിൽ നിന്നും 18,47,38,809/-രൂപയും( പതിനെട്ട് കോടി നാൽപത്തിയേഴ് ലക്ഷത്തി മുപ്പത്തിയെട്ടായിരത്തി എണ്ണൂറ്റി

ഒൻപത് രൂപ മാത്രം) കെ.യു.ആർ.ഡി.എഫ്.സി അക്കൗണ്ടിലേയ്ക്ക് അനുവദിച്ചു നൽകണമെന്ന് കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടർ പരാമർശം (1) പ്രകാരം അപേക്ഷിച്ചിരിക്കുന്നു. തുക അനുവദിച്ച് നല്കേണ്ട താഴെ ചേർത്തിരിക്കുന്ന ബാങ്ക് വിവരങ്ങളും ലഭ്യമാക്കിയിരുന്നു-

| | | |
|---|---|---|
| Name of Beneficiary | - | Kerala Urban & Rural Development Finance Corporation Ltd |
| Bank | - | State Bank of India |
| Branch | - | Vazhuthacaud |
| IFS Code | - | SBIN 0070033 |

| Account No. | Amount |
|---|---|
| 37920881126(Rural out) | - 41,81,57,643/- |
| 37922795767(Urban out) | - 18,47,38,809/- |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയുണ്ടായി.

ഹഡ്കോ വായ്പയുടെ പലിശ ഒടുക്കുന്നതിനായി കെ.യു.ആർ.ഡി.എഫ്.സി എം.ഡി ആവശ്യപ്പെട്ട പ്രകാരം 2515-00-102-30 (P) എന്ന ശീർഷകത്തിൽ 41,81,57,643/-രൂപയും( നാൽപത്തി ഒന്ന് കോടി എൺപത്തിയൊന്ന് ലക്ഷത്തി അമ്പത്തി ഏഴായിരത്തി അറുനൂറ്റി നാൽപ്പത്തി മൂന്ന് രൂപ മാത്രം) 2217-80-800-62(P) എന്ന ശീർഷകത്തിൽ നിന്നും 18,47,38,809/-രൂപയും(പതിനെട്ട് കോടി നാൽപത്തിയേഴ് ലക്ഷത്തി മുപ്പത്തിയെട്ടായിരത്തി എണ്ണൂറ്റി , ഒൻപത് രൂപ മാത്രം)ആകെ 60,28,96,452/-രൂപ (അറുപത് കോടി ഇരുപത്തിയെട്ട് ലക്ഷത്തി തൊണ്ണൂറ്റിയാറായിരത്തി നാനൂറ്റി അൻപത്തിരണ്ട് രൂപ മാത്രം) കെ.യു.ആർ.ഡി.എഫ്.സി അക്കൗണ്ടിലേയ്ക്ക് അനുവദിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു. മേയ് അവസാനത്തെ ആഴ്ചയേ തുക റിലീസ് ചെയ്യാവൂ എന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PATSY STEPHEN

JOINT SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.

മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി.

ധനകാര്യ വകുപ്പ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ്സിന്.

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്.